**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരള സാമൂഹ്യ സുരക്ഷാമിഷന്റെ കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സാമൂഹ്യ സുരക്ഷാമിഷന്റെ കീഴിൽ നടത്തിവരുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | പദ്ധതിക്കായി 2021 -22 സാമ്പത്തിക വർഷം 8,00,00,000/-(എട്ട് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയും ചെലവാക്കിയ തുകയും എത്രയെന്ന് തരംതിരിച്ച് വിശദമാക്കാമോ; | (ബി) | ശ്രുതിതരംഗം പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 8,00,00,000/-(എട്ട് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്.ഇതിൽ 4,40,00,000/- രൂപ (നാല് കോടി നാൽപ്പത് ലക്ഷം രൂപ) കേരള സാമൂഹ്യ സുരക്ഷാമിഷന് നാളിതുവരെ അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മേൽപ്പറഞ്ഞ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | മേൽപ്പറഞ്ഞ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷം 65 അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിൽ 25 കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1. | തിരഞ്ഞെടുത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട കമ്പനിയിൽ നിന്നും കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുക | 3,90,61,669/- |
| 2. | കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയക്ക് ശേഷം കുട്ടികളുടെ ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനായി ചെലവഴിച്ച തുക | 16,01,600/- |
| 3. | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി മുഖേന കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ നൽകുന്നതിനായി നിയമിച്ചിട്ടുള്ള സ്പീച്ച് തെറാപ്പിസ്റ്റുകൾക്ക് വേതനം അനുവദിക്കുന്നതിനായി ചെലവഴിച്ച തുക | 16,21,478 |
| 4. | ധ്വനി പദ്ധതി പ്രകാരം സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനായി ചെലവഴിച്ച തുക | 6,00,481 |
| | ആകെ | 4,28,85,228 |